പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 906 12.6.2013 ന് മറുപടിക്ക്

ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിന്റെ ചുമതലകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻനായർ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി ) |
| എ)ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിന്റെ ചുമതലകൾ എന്തെല്ലാം; | എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളുടെ ആരോഗ്യം , സുരക്ഷിതത്വം, ക്ഷേമം എന്നിവയും പരിസരവാസികളായ പൊതുജനങ്ങളുടെ സംരക്ഷണവും ഉറപ്പു വരുത്തി അപകടരഹിതവും ആരോഗ്യ പ്രദവുമായ ഒരു വ്യവസായന്തരീക്ഷം കെട്ടിപ്പടുക്കുക എന്നതാണ് ചുമതലകൾ. |
| ബി)സംസ്ഥാനത്തെ വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യം,സുരക്ഷിതത്വം, ക്ഷേമം , എന്നിവയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത് ; | ബി) തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം , ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിനായി നിലവിലുള്ള ഫാക്ടറീസ് ആക്ട് ,ബോയിലേഴ്സ് ആക്ട് , പേയ്മെൻറ് ഓഫ് വേജസ് ആക്ട് , മെറ്റേർണിറ്റി ബെനഫിറ്റ് ആക്ട്,ഡെയ്ഞ്ചറസ് മെഷീൻസ് (റെഗുലേഷൻ)ആക്ട് , എൻവയോൺമെൻറ് പ്രൊട്ടക്ഷൻ ആക്ട് , ലേബർ ലാസ്(എക്സെംപ്ഷൻ ഫ്രം ഫർണിഷിംഗ് റിട്ടേൺസ് &മെയിൻറയിനിംഗ് രജിസ്റ്റേഴ്സ് ബൈ സേർട്ടേൻ എസ്റ്റാബ്ലിഷ്മെൻറ്സ്) ആക്ട്, ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻറ് കണ്ടീഷൻസ് ഓഫ് സർവ്വീസ്)ആക്ട്, ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആൻറ് റഗുലേഷൻ) ആക്ട്-ഉം അനുബന്ധ ചട്ടങ്ങളും വകുപ്പ് നടപ്പിലാക്കുന്നു. ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഉറപ്പാക്കുന്നതിന് നിയമം അനുശാസിക്കുന്ന |

എല്ലാ കാര്യങ്ങളും മാനേജ്മെൻറ് നടപ്പിലാക്കുന്നുണ്ട് എന്ന് വകുപ്പിലെ ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തുകയും വീഴ്ചകൾക്കെതിരെ കർശന നടപടികൾ (നിയമ നടപടി ഉൾപ്പെടെ ) സ്വീകരിക്കുകയും ചെയ്യുന്നു.

2. ഫാക്ടറി തൊഴിലാളികൾക്ക് നിയമാനുസരണം ലഭിക്കേണ്ട വേതനം , പ്രസവാനുകൂല്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച പരാതി ലഭിച്ചാലുടൻ കൈപ്പറ്റ് രസീത് നൽകുകയും പരമാവധി 15 ദിവസത്തിനുള്ളിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

3. ഫാക്ടറി ചട്ടം 81A1 പ്രകാരം അപായകരമായ പ്രക്രിയകളിൽ(Hazardous process)(Section 2cb) ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കുന്നു. അപകട സാദ്ധ്യതയുള്ള പ്രക്രിയകൾ നടത്തുന്ന ഫാക്ടറി കളിലെ തൊഴിൽ അന്തരീക്ഷം തൊഴിലാളി കളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ മലിനമാകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനം (Air monitoring study)നടത്തുകയും ആവശ്യമുള്ള അവസരത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

4.ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്ന ലക്ഷ്യം മുൻനിറുത്തി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികൾ അപകടരഹിതമാക്കുന്നതിനുള്ള യജ്ഞത്തിന്റെ ഭാഗമായി വകുപ്പ് വർഷം തോറും സേഫ്റ്റി അവാർഡുകൾ നൽകി വരുന്നു.

5.ഫാക്ടറി തൊഴിലാളികളെയും മാനേജ് മെൻറിനെയും ബോധവൽക്കരിക്കുന്നതിന് വിവിധ രീതിയിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ടി പ്രവർത്തനങ്ങൾക്കെല്ലാം വകുപ്പിലെ ഇൻഡസ്ട്രിയൽ ഹൈജീൻ-ലബോറട്ടറിയുടെ സൗകര്യങ്ങളാണ് പ്രയോജനപ്പെടുത്തുന്നത് .

6.അപകടങ്ങൾ ഉടനടി അന്വേഷണ

വിധേയമാക്കി തുടർ നടപടി സ്വീകരിക്കുന്നു.
7.ഫാക്ടറികളിലെ തൊഴിലാളികളിൽ നിന്നും/ട്രേഡ് യൂണിയനുകളിൽ നിന്നും പരാതികൾ ലഭിച്ചാൽ ഉടൻ തന്നെ കൈപ്പറ്റ് രസീതുകൾ നൽകുകയും പരമാവധി 15 ദിവസത്തിനുള്ളിൽ അന്വേഷിച്ച് തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

സി)തൊഴിലാളികളുടേയും ഫാക്ടറികളുടെ സമീപപ്രദേശത്തുള്ളവരുടേയും സുരക്ഷിതത്വബോധം വളർത്തുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് വകുപ്പ് നടത്തുന്നത് ;

സി) തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും പരിസര നിവാസികൾക്കും ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി National Safety Council, National Productivity Council തുടങ്ങിയ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് സെമിനാർ/ workshop/exhibition എന്നിവ നടത്തുന്നു.

ഡി)ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നവർക്ക് നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ?

ഡി) ഫാക്ടറി നിയമപ്രകാരം രജിസ്റ്റർ ചെയ്യതും തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ സംരക്ഷിച്ചുകൊണ്ട് അപകടങ്ങൾ ഇല്ലാതെ പ്രവർത്തന മികവ് പ്രകടമാക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് 2008 മുതൽ ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് വർഷം തോറും സുരക്ഷാ അവാർഡുകൾ നൽകി വരുന്നു. കൂടാതെ വ്യക്തിഗത വിഭാഗത്തിൽ സേഫ്റ്റി ഓഫീസർ, സേഫ്റ്റി കമ്മിറ്റി, മെഡിക്കൽ ഓഫീസർ, സേഫ്റ്റി പബ്ലിക്കേഷൻ , സേഫ്റ്റി ഫിലിം ഒക്കുപ്പേഷണൽ ഹെൽത്ത് സെൻറർ, സേഫ്റ്റി സജഷൻ സ്കീം , സേഫ്റ്റി ജേർണലിസ്റ്റ് എന്നിവയ്ക്കും അവാർഡ് നൽകി വരുന്നു.

(signature)
സെക്ഷൻ ഓഫീസർ